(എ) സുനാമി ദുരന്തമേഖലയായ ആലപ്പാട്ടെ ശ്രായിക്കാട്ടും ആലപ്പാട് സെന്ററിലും പുലിമുട്ട് നിർമ്മാണം ഏത് ഘട്ടത്തിലാണ് ; എന്ന് പൂർത്തീകരിക്കാൻ കഴിയും ; വിശദാംശം അറിയിക്കാമോ ?

ഉത്തരം

സുനാമി ബാധിത പ്രദേശങ്ങളായ ആലപ്പാട്ടെ ശ്രായിക്കാട്ട് പുലിമുട്ട് നിർമ്മിക്കുന്നതിലേയ്ക്ക് 535 ലക്ഷം രൂപയുടെ പ്രൊപ്പോസൽ "കരുതൽ ആലപ്പാട് 2015" എന്ന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിക്കായി തയ്യാറാക്കിയിട്ടുണ്ട്.

ആലപ്പാട്ട് സെന്ററിൽ പുലിമുട്ട് നിർമ്മിക്കുന്നതിലേയ്ക്ക് 415 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി എഗ്രിമെന്റ് വച്ച് സൈറ്റ് കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. 3 മാസത്തിനകം മേല്പടി പ്രവൃത്തി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മാടായി, മാട്ടൂൽ എന്നിവിടങ്ങളിലെ കടൽഭിത്തി നിർമ്മാണം

128 (2337) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശേരി മണ്ഡലത്തിൽ, കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമ പഞ്ചായത്തുകളിൽ കടലാക്രമണത്തിൽ തകർന്ന കടൽഭിത്തി പുനഃനിർമ്മിക്കുന്നതിനും പുതുതായി കടൽ ഭിത്തി നിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണ് ; ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാൻ ബാക്കിയുള്ളത് ഏതെല്ലാമാണ് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന ഏട്ടിക്കുളം മുതൽ പയ്യാമ്പലം വരെയുള്ള സ്ഥലങ്ങളിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനും കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനും കല്ല്യാശ്ശേരി മണ്ഡലത്തിലെ മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനുമുള്ള എസ്റ്റിമേറ്റ് നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. മാടായി ഗ്രാമപഞ്ചായത്തിലെ നീരൊഴുക്ക്

LIBRARY ARCHIVES Kerala Legislative Assembly

ചാലിൽ ch:100/200 മുതൽ 100/264 കി.മീ. വരെയുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ നീരൊഴുക്ക് ചാലിലെ രൂക്ഷമായ കടൽക്ഷോഭം നേരിടുന്ന സ്ഥലത്തെ കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി SDRF-ൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നീരൊഴുക്ക് ചാലിൽ ചെ:100/200 മുതൽ 100/264 കി.മീ. വരെയുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി കടലാക്രമണ പ്രതിരോധപ്രവൃത്തിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്യുകയും 1 തവണ ക്വട്ടേഷൻ വിളിക്കുകയും ചെയ്തെങ്കിലും കരാറുകാരിൽനിന്നും പ്രതികരണമൊന്നും ഉണ്ടായിട്ടില്ല.

മാട്ടൽ ഗ്രാമപഞ്ചായത്തിൽ നീരൊഴുക്ക് ചാലിൽചെ:100/400 കി.മീനും 100/550 കിലോമീറ്ററിനും ഇടയിൽ തകർന്ന കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് SDRF-ൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

ന്യൂനമർദ്ദം കടിവെള്ള പദ്ധതി

129 (2338) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ന്യൂനമർദ്ദം കടിവെള്ള പദ്ധതി അടിയന്തരമായി കമ്മീഷൻ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) പാറ്റൂർ കടിവെള്ള പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ന്യൂനമർദ്ദം, ചുനക്കര സമീപ വില്ലേജുകൾക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണപദ്ധതിയുടെ സ്രോതസ്സും കിണറും നിലവിലുള്ളത് തന്നെയാണ്. ഘട്ടം-1 ന്റെയും ഘട്ടം-2 ന്റെയും പൊതുഘടകമായ റോ വാട്ടർ പമ്പിംഗ് മെയിൻ

LIBRARY ARCHIVES Kerala Legislative Assembly